**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 284** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യ വിഷബാധ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് ഭക്ഷ്യ വിഷബാധ മൂലം എത്ര മരണങ്ങൾ ഉണ്ടായിട്ടുണ്ട്; ഭക്ഷ്യ വിഷബാധ സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ ഉത്തരവാദിത്തപ്പെട്ടവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | (എ) | ഭക്ഷ്യ വിഷബാധയുമായി ബന്ധപ്പെട്ട് ചുരുക്കം ചില മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും എല്ലാ മരണങ്ങളിലും മെഡിക്കൽ ബോർഡിന്റെ റിപ്പോർട്ടിലോ, പോസ്റ്റ്മോർട്ടം റിപ്പോർട്ടിലോ 'Food poisoning death' എന്ന് രേഖപ്പെടുത്തിയിട്ടില്ല. ഭക്ഷ്യവിഷബാധ മൂലമുള്ള മരണം എന്ന് ശാസ്ത്രീയമായി റിപ്പോർട്ട് ചെയ്തിട്ടുള്ളത് 4 കേസുകളിൽ മാത്രമാണ്. കേരളത്തിലെ വിവിധ ജില്ലകളിൽ ഭക്ഷ്യ വിഷബാധ ഉണ്ടായതിനെത്തുടർന്ന് സംസ്ഥാനത്ത് ആകെ വിവിധ കോടതികളിലായി 9 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. അവയെല്ലാം തന്നെ ട്രയൽ സ്റ്റേജിലാണ്. |
| (ബി) | പ്രസ്തുത കാലയളവിൽ ഭക്ഷ്യ വിഷബാധയുമായി ബന്ധപ്പെട്ട് എത്ര ഹോട്ടലുകൾ അടച്ചു പൂട്ടിയിട്ടുണ്ടെന്നും ഇപ്രകാരം അടച്ചുപൂട്ടിയ എത്ര ഹോട്ടലുകൾക്ക് പിന്നീട് തുറന്നു പ്രവർത്തിക്കാൻ അനുമതി നൽകിയിട്ടുണ്ടെന്നും വിശദമാക്കാമോ; | (ബി) | ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം നടത്തുന്ന എല്ലാത്തരം പരിശോധനകളിലും ഗുരുതര വീഴ്ച കണ്ടെത്തുന്നതും പൊതുജനാരോഗ്യത്തിന് ഭീഷണിയാകും വിധം പ്രവർത്തിയ്ക്കുന്നതുമായ സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധനയുടെ ഭാഗമായി നിർത്തി വയ്പ്പിക്കാറുണ്ട്. പ്രസ്തുത കാലയളവിൽ ഭക്ഷ്യ വിഷ ബാധയുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെ 82 സ്ഥാപനങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്. ക്ലോഷർ നോട്ടീസ് നൽകി പ്രവർത്തനം നിർത്തിവയ്പ്പിക്കുന്ന സ്ഥാപനങ്ങൾ നിയമം അനുശാസിയ്ക്കുന്ന തുടർ നടപടികൾ സ്വീകരിച്ചുകൊണ്ട് പുനഃപരിശോധന നടത്തുകയും സ്ഥാപനത്തിൽ മുൻപ് കാണപ്പെട്ട അപാകതകൾ പരിഹരിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെടുന്നതിന്റെ അടിസ്ഥാ നത്തിൽ മാത്രം വീണ്ടും തുറന്ന് പ്രവർത്തിയ്ക്കുന്നതിനുള്ള അനുമതി നൽകുകയും ചെയ്തുവരുന്നു. |
| (സി) | ഭക്ഷ്യ വിഷബാധ ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ പരിശോധനകൾ കർശനമാക്കുന്നതിനും വീഴ്ച വരുത്തുന്ന | (സി) | എല്ലാത്തരം ഭക്ഷ്യ വസ്തുക്കളുടെ ഉൽപ്പാദനം, സംഭരണം, വിതരണം, വിൽപ്പന, ഇറക്കുമതി, കയറ്റുമതി എന്നിവയിൽ ഭക്ഷ്യ സുരക്ഷ |

| | | | |
|---|---|---|---|
| | ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനും തയ്യാറാകുമോ; വിശദാംശം നൽകുമോ? | | ഉറപ്പുവരുത്താൻ ഏകീകൃതമായും ഉത്തരവാദിത്വത്തോടും മികച്ച എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. ഇക്കഴിഞ്ഞ സാമ്പത്തിക വർഷം **2023-24** ൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് മുൻകാലങ്ങളേക്കാൾ ഏറെ പരിശോധനകൾ, സാമ്പിൾ ശേഖരണം, വീഴ്ചകൾ കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ കോമ്പൗണ്ടിംഗ്, അഡ്ജ്യൂഡിക്കേഷൻ, പ്രോസിക്യൂഷൻ എന്നീ നിയമ നടപടികൾ നടത്തിയിട്ടുണ്ട്. **2023-24** കാലയളവിൽ സംസ്ഥാനത്തുട നീളം സ്പെഷ്യൽ ഡ്രൈവുകളുടെ ഭാഗമായും, പരാതികളുടെ ഭാഗമായും, routine പരിശോധനകളുടെ ഭാഗമായും ആകെ **65432** പരിശോധനകൾ നടത്തി. ഈ കാലയളവിൽ **10466** സ്റ്റാറ്റ്യൂട്ടറി സാമ്പിൾ, **37763** സർവ്വയിലൻസ് സാമ്പിൾ എന്നിവ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലബോറട്ടറികളിൽ ഗുണനിലവാര പരിശോധനയ്ക്കായി അയച്ചു നൽകിയിട്ടുണ്ട്. അവയിൽ **961** സാമ്പിളുകൾ Unsafe ആയും **325** സാമ്പിളുകൾ Substandard ആയും **298** സാമ്പിളുകൾ Misbranded ആയും പരിശോധനാ ഫലം ലഭ്യമായിട്ടുണ്ട്. Non conforming ലാബ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ **746** പ്രോസിക്യൂഷൻ കേസുകളും, **982** അഡ്ജ്യൂഡിക്കേൻ കേസുകളും ഈ കാലയളവിൽ ഫയൽ ചെയ്തിട്ടുണ്ട്. അവയെല്ലാം തന്നെ ട്രയൽ സ്റ്റേജിലാണ്. Food Safety and Standards (Licensing and Registration of Food Business) Regulation 2011 ലെ ഷെഡ്യൂൾ IV മാനദണ്ഡങ്ങൾ പാലിയ്ക്കാതെ പ്രവർത്തിച്ചിരുന്ന **9642** സ്ഥാപനങ്ങൾക്ക് സംസ്ഥാനത്തെ ഡെസിഗ്നേറ്റഡ് ഓഫീസർമാർ FSS Act 2006 Section 69 പ്രകാരം കോമ്പൗണ്ടിംഗ് നടപടി സ്വീകരിയ്ക്കുകയും **40545150/-** രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. മുൻ കാലങ്ങളെ അപേക്ഷിച്ച് വകുപ്പ് വളരെ മെച്ചപ്പെട്ട പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ഭക്ഷ്യ വിഷബാധ എന്ന വിഷയം വകുപ്പ് വളരെ ഗൗരവത്തോടെ കാണുന്നു. അത് തടയുവാൻ വളരെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, കോമ്പൗണ്ടിംഗ് നടപടികൾ, അഡ്ജ്യൂഡിക്കേഷൻ നടപടികൾ, പൊതുജനങ്ങൾക്കും ഭക്ഷ്യ സംരംഭകർക്കുമായി ബോധവൽക്കരണ പരിപാടികൾ, ഭക്ഷ്യ സംരംഭകർക്കായി FoSTaC പരിശീലനം, സ്പെഷ്യൽ ഡ്രൈവുകൾ എന്നിവ നടത്തി വരുന്നു. ഭക്ഷ്യ സുരക്ഷ പൂർണ്ണതോതിൽ ഉറപ്പാക്കുക എന്നത് പൊതുജനങ്ങളുടെയും ഭക്ഷ്യ |

| | | | |
|---|---|---|---|
| | | | സംരംഭകരുടെയും കൂട്ടായ ഉത്തരവാദിത്തമാണ്. ഉദ്യോഗസ്ഥരുടെ വീഴ്ചകൊണ്ട് ഭക്ഷ്യ വിഷബാധ ഉണ്ടായതായി നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ